തസ്തികകൾ ചങ്ങനാശ്ശേരിയിലേക്ക് റീ ഡിപ്ലോയ് ചെയ്യുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ചങ്ങനാശ്ശേരി-കോട്ടയം, പുളിങ്കുന്ന്, കാവാലം, നെടുമുടി എന്നീ സ്റ്റേഷനുകളിലെ ജീവനക്കാരുടെ ശമ്പളം പി.എഫ്. മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ ഇവ നൽകുക ഈ സ്റ്റേഷനുകളിലെ ബോട്ടുകൾ റിപ്പയർ ചെയ്ത് കാര്യക്ഷമമായി സർവീസ് നടത്തുക തുടങ്ങിയവയാണ് പ്രവർത്തനങ്ങൾ.

(ഡി)&(ഇ) കിടങ്ങറ പാലത്തിന് താഴെ കൂടി പോകത്തക്ക വിധമുള്ള പൊക്കം കുറഞ്ഞ ബോട്ടുകൾ നിർമ്മാണത്തിലിരിക്കുകയാണ്.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) ചങ്ങനാശ്ശേരി ബോട്ട് ജെട്ടിയിൽ താല്ക്കാലികമായി ചില റിപ്പയറിംഗ് പണികൾ നടത്തി അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

94 (1826) കൊല്ലം തിരുവനന്തപുരം റെയിൽപ്പാത ഇരട്ടിപ്പിക്കൽ

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ.വി. അബ്ദു റഹിമാൻ ഹാജി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം - തിരുവനന്തപുരം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം എന്നീ പണികൾക്ക് പ്രാധാന്യം നൽകി പണികളെല്ലാം പൂർത്തിയാക്കുന്നതിന് കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

ഇക്കാര്യത്തിൽ നിരവധി തവണ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി പാത ഇരട്ടിപ്പിക്കൽ ഘട്ടം ഘട്ടമായി തീർന്നു വരുന്നു. വൈദ്യുതീകരണമുൾപ്പെടെയുള്ള കാര്യങ്ങൾ ഇനിയും കേന്ദ്ര സർക്കാരിനെക്കൊണ്ട് ചെയ്യിപ്പിക്കുന്നതിനുള്ള നടപടികൾ തുടരുന്നതാണ്.

95 (1827) തീവണ്ടികളുടെ വേഗത കുറയ്ക്കുന്നതിന് നീക്കം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തു നിന്നും മംഗലാപുരം വരെ ഓടിക്കൊണ്ടിരിക്കുന്ന ഏതാനും തീവണ്ടികൾ ഇടയ്ക്കുവെച്ചു നിറുത്താനുള്ള റെയിൽവേ അധികൃതരുടെ നീക്കം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റെയിൽവേ അധികൃതരുടെ ഈ നീക്കത്തിനെതിരെ എന്തു നടപടികളാണ് സർക്കാർ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly